(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പദ്ധതിക്കാവശ്യമായ സംസ്ഥാന സർക്കാർ വിഹിതം ബഡ്ജറ്റുവഴി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ സർക്കാർ നോഡൽ ഏജൻസികളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലുന്നിയ പശ്ചാത്തല സൗകര്യങ്ങളായ ജലവിതരണം, സാനിട്ടേഷൻ, സീവറേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡ് നെറ്റ് വർക്കുകൾ മുതലായവകളുടെ വികസനം, പരിസ്ഥിതി മെച്ചപ്പെടുത്തൽ, നൈറ്റ് ഷെൽട്ടറുകൾ, കമ്മ്യൂണിറ്റി ടോയ്ലെറ്റുകൾ, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കും താഴ്ന്ന വരുമാന വിഭാഗക്കാർക്കും ഉതകുന്ന ഭവന നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചു നൽകുന്നതിനായുള്ള പദ്ധതികൾക്കുള്ള സഹായമാണ് ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിലൂടെ ലഭിക്കുന്നത്. ഇതിനായി പദ്ധതിയുടെ 80% കേന്ദ്ര സഹായവും 10% സംസ്ഥാന വിഹിതവും ലഭിക്കും. ശേഷിക്കുന്ന 10% നഗരസഭ വഹിക്കേണ്ടതുമാണ്.

(ബി) ഈ പദ്ധതിയിൽ രണ്ട് ഘടകങ്ങളുണ്ട്. ഒന്ന്, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക്. രണ്ട്, പാവപ്പെട്ടവർക്കായുള്ള അടിസ്ഥാന സേവനങ്ങളും. പാവപ്പെട്ട വർക്കായുള്ള അടിസ്ഥാന സേവനങ്ങൾക്കായുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും വിശദമായ പ്രോജക്ട് തയ്യാറാക്കിത്തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി ഒരു കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാൻ വേണ്ടി ഒരു സിറ്റി ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) പാവപ്പെട്ടവർക്കുവേണ്ടി അടിസ്ഥാന സേവനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കാൻ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കായുള്ള നോഡൽ ഏജൻസിയെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

തിരുവനന്തപുരം കോർപ്പറേഷൻ വൈദ്യുതി ശ്മശാനത്തിന്റെ കേടുപാടുകൾ തീർക്കാൻ നടപടി

90 [1029] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ അധീനതയിലുള്ള വൈദ്യുതി ശ്മശാനം കേടായത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിന്റെ കേടുപാടുകൾ തീർക്കാൻ എന്ത് ചെലവ് വേണ്ടിവരും :

(സി) ഇതിന്റെ കേടുപാടുകൾ തീർക്കാത്തതെന്തുകൊണ്ടാണ് ;

(ഡി) വൈദ്യുതി ശ്മശാനത്തിന്റെ ഏത് ഭാഗത്തിനാണ് കേടുവന്നത് ;

(ഇ) ഈ വൈദ്യുതി ശ്മശാനത്തിൽ ഇപ്പോൾ വിറകുപയോഗിച്ചും തൊണ്ടടുക്കിയുമുള്ള ശവദാഹം നടത്തുന്നുണ്ടോ ;

(എഫ്) ഇതിന് ഈടാക്കുന്ന തുക എത്ര വീതമാണെന്ന് പറയാമോ :

(ജി) ഈ തുക കൊടുക്കുവാൻ സാധാരണക്കാർക്ക് കഴിവില്ലെന്നത് പരിഗണിച്ച് വൈദ്യുതി ശ്മശാനം ഉടനടി നന്നാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി ശ്മശാനം പല പ്രാവശ്യം കേടാവുകയും ആയത് റിപ്പയർ ചെയ്തിട്ടുള്ളതുമാണ്. ഇടയ്ക്കിടെ റിപ്പയറിംഗ് ആവശ്യമായി വരുന്നതിനാൽ ആയത് വീണ്ടും റിപ്പയർ ചെയ്യേണ്ടതില്ലെന്നും ആധുനിക രീതിയിൽ പുനർ നിർമ്മാണം നടത്തുന്നതിനും നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. 2003 മുതൽ തുടർച്ചയായി പ്രവർത്തിക്കുന്നില്ല.

(ബി) 2003-ലെ നിരക്കനുസരിച്ച് 3,17,000 രൂപ കണക്കാക്കിയിട്ടുണ്ട്.

(സി) വളരെ പഴക്കമുള്ള ഫർണസ് ആയതിനാൽ പല പ്രാവശ്യം കേടുപാടുകൾ തീർത്തുവെങ്കിലും വീണ്ടും കേടുവന്നതിനാൽ ആധുനിക രീതിയിൽ ക്രിമിറ്റോറിയം നിർമ്മിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഹീറ്റിംഗ് എലിമെന്റ് 10 എണ്ണം കേടായിട്ടുണ്ട്. ഇന്റർ കണക്ടിംഗ് മെറ്റീരിയൽസ്, ഡോർ ലിഫ്റ്റിംഗ് ഡിവൈസ്, ഇന്റിക്കേഷൻ ലാബ് കേബിൾ, റിലേ, ചിമ്മിനി ഡക്ടിലേക്കുള്ള എസ്.എസ്. ഡാബർ തുടങ്ങിയവയാണ് കേടായിരിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) വിറക് ഉപയോഗം 800 രൂപ, തൊണ്ട് ഉപയോഗിച്ച് 480 രൂപ.

(ജി) പുതിയ വൈദ്യുതി ശ്മശാനത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പ്രതിസന്ധി തരണം ചെയ്യാൻ നടപടി

91 [1030] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ :
,, പി. എസ്. സുപാൽ :
,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വർഷം മുതൽ ഓരോ വർഷവും പ്ലാൻ വിഹിതമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതമെത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly